മഴയിൽ വിറങ്ങലിച്ച് നാട്

ശക്തമായ മഴയിൽ ദേശീയപാത പുനർനിർമാണം നടക്കുന്ന ഷിറിയ പാലത്തിന് മുകളിൽ വെള്ളം കയറിയപ്പോൾ. വൈകിട്ടോടെ കരാർ കമ്പനിയായ യു.എൽ.സി.സി.എസ്. പ്രദേശം പരിഹരിച്ചു

കാസർകോട്▸ തിങ്കളാഴ്ചയുണ്ടായ ശക്തമായ മഴയിൽ വിറങ്ങലിച്ച് നാട്. വെള്ളക്കെട്ട് കാരണം ദേശീയപാതയിലെ വാഹനഗതാഗതം താറുമാറായി. തമിഴ്നാട്ടിലും പുതുച്ചേരിയിലും ആഞ്ഞുവീശിയ ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് ന്യൂനമർദമായി മാറിയതിന്റെ ഫലമായാണ് ജില്ലയിൽ ശക്തമായ മഴ ലഭിച്ചത്.

ഞായറാഴ്ചയാണ് ചുഴലിക്കാറ്റ് തീവ്രന്യൂനമർദമായും പിന്നീട് ന്യൂനമർദമായും മാറിയത്. തമിഴ്നാട്ടിൽ തീവ്ര മഴയ്ക്ക് കാരണമായ ചുഴലിക്കാറ്റ് തിരുവണ്ണാമലയിലേക്കും തുടർന്ന് കർണാടകയിലേക്കും കടന്നു. ഇതു കാരണമാണ് കർണാടകയുമായി അതിർത്തി പങ്കിടുന്ന ജില്ലയിൽ ശക്തമായ മഴ ലഭിച്ചത്.തിങ്കളാഴ്ച ഉച്ചയോടെയാണ് ജില്ലയിൽ മഴ കനത്തത്. കർണാടകയിൽനിന്ന് വടക്കൻ കേരളത്തിനു മുകളിലൂടെ ന്യൂനമർദമായി തിങ്കളാഴ്ച രാത്രിയോടെയോ ചൊവ്വാഴ്ച പുലർച്ചെയോടെയോ അറബിക്കടലിലേക്ക് പ്രവേശിക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥവകുപ്പിന്റെ പ്രവചനം. ഇതിന്റെ ഫലമായി വടക്കൻ ജില്ലകളിൽ ചൊവ്വാഴ്ച ഉച്ചവരെ ശക്തമായ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്നും വകുപ്പ് മുന്നറിയിപ്പ് നൽകിയിരുന്നു.

➔ പുഴയായി ഷിറിയ ദേശീയപാത

▸മഴ ശക്തമായതോടെ നിർമാണം പുരോഗമിക്കുന്ന ദേശീയപാതയോട് ചേർന്ന വീടുകളിൽ പലയിടത്തും വെള്ളം കയറി. ഷിറിയ ദേശീയപാതയിലെ വെള്ളക്കെട്ട് പുഴയ്ക്ക് സമാനമായ അവസ്ഥയിലായിരുന്നു. ഉയർന്ന പ്രദേശങ്ങളിൽ ദേശീയപാതയിൽ നിന്നുള്ള മഴവെള്ളം ശക്തിയായി സർവീസ് റോഡിലേക്ക് ഒലിച്ചിറങ്ങിയത് വാഹന ഗതാഗതം ദുഷ്കരമാക്കി. ദേശീയപാതയിലെ അശാസ്ത്രീയ നിർമാണവും ഓവുചാലോ ബദൽ സംവിധാനമോ ഒരുക്കാത്തതാണ് വെള്ളപ്പൊക്കത്തിനിടയാക്കിയതെന്നാണ് നാട്ടുകാരുടെ പരാതി.

➔ കൂടുതൽ മഴ കാസർകോട് നഗരത്തിൽ

▸തിങ്കളാഴ്ച ജില്ലയിൽ പെയ്ത മഴയുടെ കണക്കിൽ ഒന്നാം സ്ഥാനം കാസർകോട് നഗരത്തിന്. 74 മില്ലിമീറ്ററാണ് നഗരത്തിൽ പെയ്ത മഴ. കുഡ്‌ലുവിലെ സ്വയം പ്രേരിത ചെറുകലാവസ്ഥ കേന്ദ്രത്തിൽ (എ.ഡബ്ല്യു.എസ്.) രാത്രി എട്ടുവരെയാണ് ഇത്രയും മഴ രേഖപ്പെടുത്തിയത്. കാസർകോട്-22, നീലേശ്വരം-22, ബദിയഡുക്ക-20, കുമ്പള-22, പരപ്പ-20 എന്നിങ്ങനെയാണ് ജില്ലയിലെ മറ്റു എ.ഡബ്ല്യു.എസുകളിലെ കണക്ക്.

➔ റോഡുകളിൽ വെള്ളക്കെട്ട് ➔ ഓവുചാലുകൾ നിറഞ്ഞൊഴുകി

➔ വീടുകളിൽ വെള്ളം കയറി

ഉപ്പള▸ ശക്തമായ മഴയിൽ ദേശീയപാതയ്ക്കരികിലുള്ള വീടുകളിൽ വെള്ളം കയറി. ഉപ്പള ഗേറ്റിന് സമീപത്തെ എം.പി.സിദ്ദിഖ്, ഫാറൂഖ് അന്തു ഹാജി, അബു ഹാജി, സക്കറിയ, മോനു അറബി, പക്രുഞ്ഞി തുടങ്ങിയവരുടെ വീട്ടിലാണ് വെള്ളം കയറിയത്. ദേശീയപാതയിൽ നിന്ന് ഒഴുകിയെത്തിയ വെള്ളമാണ് വീടുകളിലേക്കെത്തിയത്.

ദേശീയപാതയിൽ ഓവുചാൽ നിർമിച്ചിട്ടുണ്ടെങ്കിലും ഇത് കവിഞ്ഞാണ് ചെളിവെള്ളം കുത്തിയൊഴുകിയെത്തിയത്. ഓവുചാൽ നിർമാണത്തിലെ അശാസ്ത്രീയതയാണ് ഇതിന് കാരണമെന്ന് നാട്ടുകാർ പറയുന്നു. ഓവുചാലിൽ കൊള്ളുന്നതിനേക്കാൾ വെള്ളമാണ് ഒഴുകിയെത്തുന്നത്. ഇതാണ് സർവീസ് റോഡിൽ കെട്ടിക്കിടക്കുന്നത്. ഗതാഗതക്കുരുക്കിനും കാരണമായി. ഒഴുകിയെത്തിയ ചെളിവെള്ളവും മാലിന്യവും വീട്ടുമുറ്റത്തും കിണറിലും കുടിവെള്ളസ്രോതസ്സുകളിലും ഒലിച്ചിറങ്ങിയതിനാൽ കുടിവെള്ളത്തിനും ബുദ്ധിമുട്ടായിരിക്കുകയാണെന്ന് ഇവർ പറയുന്നു.

പൊസോട്ടിലും റോഡരികിലുള്ള വീടുകളിൽ വെള്ളം കയറി. ഉപ്പളയ്ക്കും മഞ്ചേശ്വരത്തിനുമിടയിൽ പലയിടത്തും സർവീസ് റോഡിൽ വെള്ളക്കെട്ട് രൂപപ്പെട്ടതിനാൽ ദേശീയപാതയിലുംപ്പെട്ട മണിക്കൂറുകളോളം ഗതാഗതതടസ്സം നേരിട്ടു. ഇടയ്ക്കിടെയുണ്ടായ വൈദ്യുതിയുടക്കവും നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കി. വെള്ളം കയറിയ പ്രദേശങ്ങൾ റവന്യൂ അധികൃതർ സന്ദർശിച്ചു.

ഉപ്പള ഗേറ്റിന് സമീപം എം.പി.സിദ്ദിഖിന്റെ വീട്ടിൽ വെള്ളം കയറിയ നിലയിൽ

➔ ദക്ഷിണ കന്നഡ, ഉഡുപ്പി ജില്ലകളിൽ ഓറഞ്ച് ജാഗ്രത

മംഗളൂരു▸ ഫെയ്ഞ്ചൽ ചുഴലിക്കാറ്റിനെ തുടർന്ന് ശക്തമായ മഴ പെയ്യാൻ സാധ്യതയുള്ളതിനാൽ ദക്ഷിണ കന്നഡ, ഉഡുപ്പി ജില്ലകളിൽ ചൊവ്വാഴ്ച ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ദക്ഷിണ കന്നഡ ജില്ലയിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ചൊവ്വാഴ്ച അവധി നൽകി.

ജില്ലയുടെ പല ഭാഗങ്ങളിൽ തിങ്കളാഴ്ച വൈകിട്ട് ശക്തമായ മഴ പെയ്തു. പെട്ടന്ന് പെയ്ത കനത്ത മഴയിൽ മംഗളൂരു നഗരത്തിൽ വെള്ളക്കെട്ടും ഗതാഗതതടസ്സവുമുണ്ടായി. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ അധികൃതർ മുന്നറിയിപ്പു നൽകി.

വീട്ടിൽ വെള്ളം കയറിയതിനെത്തുടർന്ന് ഹൊസങ്കടിയിലെ യൂസുഫിന്റെ കുടുംബത്തെ അഗ്നിരക്ഷാസേന വീട്ടിൽനിന്ന് പുറത്തേക്ക് ഇറക്കുന്നു

➔ അഗ്നിരക്ഷാസേന ആളുകളെ മാറ്റിപ്പാർപ്പിച്ചു

ഹൊസങ്കടി▸ തിങ്കളാഴ്ച ഉച്ചയ്ക്കുശേഷമുണ്ടായ കനത്ത മഴയിൽ ഹൊസങ്കടിയിലും ബന്തിയോട്ടും വീടുകളിൽ വെള്ളം കയറി. തോരാതെ പെയ്ത മഴയിൽ പല വീടുകളിലും പെട്ടെന്ന് വെള്ളം കയറുകയായിരുന്നു. വീട്ടുമുറ്റത്തി അരയാനം പൊക്കത്തിൽ വെള്ളക്കെട്ട് രൂപപ്പെട്ടതോടെ കുടുംബങ്ങൾ വീട്ടിനകത്ത് ഒറ്റപ്പെട്ടു. ഹൊസങ്കടി ടൗണിന് സമീപം താമസിക്കുന്ന യൂസുഫും കുടുംബവും വീട്ടിൽ വെള്ളം കയറിയതോടെ ഭീതിയിലായി തുടർന്ന് ഉപ്പള അഗ്നിരക്ഷാസേനയെ വിവരമറിയിച്ചു. ബന്തിയോട് മൂസ ഹാജിയുടെ വീട്ടിലും വെള്ളം കയറി രണ്ട് സ്ഥലങ്ങളിലും ഉടൻ അഗ്നിരക്ഷാസേനയെത്തിയാണ് കുടുംബാംഗങ്ങളെ പുറത്തെത്തിച്ചത്. കൈക്കുഞ്ഞും വയോധികരുമുൾപ്പെടെ പന്ത്രണ്ടോളം പേരെ ഇരു വീടുകളിൽ നിന്നും ബന്ധുവീട്ടിലേക്ക് മാറ്റിത്താമസിപ്പിച്ചു. 16 കുടുംബങ്ങൾക്ക് അഗ്നിരക്ഷാസേന ജാഗ്രതാ നിർദേശം നൽകി.

ബന്തിയോട് മൂസ ഹാജിയുടെ വീട്ടിൽ വെള്ളം കയറിയതിനെത്തുടർന്ന് കൈക്കുഞ്ഞിനെയുൾപ്പെടെ കുടുംബത്തെ അഗ്നിരക്ഷാസേന സുരക്ഷിതസ്ഥാനത്തേക്ക് മാറ്റുന്നു

സ്റ്റേഷൻ ഓഫീസർ സി.പി. രാജേഷിന്റെ നേതൃത്വത്തിൽ അഗ്നിരക്ഷാസേന അംഗങ്ങളായ മുഹമ്മദ് ഷാഫി, വിഷ്ണു, വിപിൻ, ശരത് ലാൽ, സുരേഷ്ബാബു, അഭിമിത്ത്, ശരൺ, വിശാഖ്, ഹോംഗാർഡ് കെ.കെ.വി. സുരേഷ് എന്നിവരടങ്ങിയ സംഘമാണ് രക്ഷാപ്രവർത്തനം നടത്തിയത്.

➔ വിനോദസഞ്ചാര കേന്ദ്രങ്ങൾ അടച്ചിടും

കാസർകോട്▸ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണവകുപ്പ് അതിതീവ്ര മഴ പ്രവചിച്ച സാഹചര്യത്തിൽ ചൊവ്വാഴ്ച ജില്ലയിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ അടച്ചിടുമെന്ന് കളക്ടർ കെ.ഇമ്പശേഖർ അറിയിച്ചു. തീരദേശങ്ങളിലും മലയോരങ്ങളിലും ജാഗ്രത പാലിക്കണം. മത്സ്യത്തൊഴിലാളികളും മിനിപിടിത്തത്തിന് പോകരുത്. ജില്ലയിൽ ക്യാമ്പുകളിലെ ഖനനം നിർത്തിവെക്കണമെന്നും നിർമാണ പ്രവർത്തനങ്ങളോ അറുകുറ്റപ്പണികളോ നടക്കുന്ന ദേശീയ-സംസ്ഥാന പാതകൾ, മറ്റ് റോഡുകൾ എന്നിവിടങ്ങളിൽ സുരക്ഷാബോർഡുകൾ യാത്രക്കാർക്ക് കാണുന്ന തരത്തിലുണ്ടെന്ന് ഉറപ്പാക്കണമെന്നും കളക്ടർ നിർദേശം നൽകി.

ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട പോലീസ് ഹൗസ് ഓഫീസർമാരും ഫയർ ഓഫീസർമാരും ജാഗ്രത പുലർത്തണം. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്നും കളക്ടർ അറിയിച്ചു.

അടിയന്തരഘട്ടത്തിൽ സുരക്ഷ ഉറപ്പാക്കാൻ ദുരന്തനിവാരണ അതോറിറ്റിയുടെ ഹെൽപ്പ് ലൈൻ നമ്പറുകൾ ഉപയോഗിക്കണം. ഫോൺ: 9497980505, 9497980506, 9497980507, 9497980508, 9497980509, 9497980510, 9497980511, 9497980512, 9497980513, 9497980514, 9497980515, 9497980516, 9497980517, 9497980518, 9497980519, 9497980520, 9497980521, 9497980522, 9497980523, 9497980524, 9497980525, 9497980526, 9497980527, 9497980528, 9497980529, 9497980530, 9497980531, 9497980532, 9497980533, 9497980534, 9497980535, 9497980536, 9497980537, 9497980538, 9497980539, 9497980540, 9497980541, 9497980542, 9497980543, 9497980544,